സംസ്കരിക്കുന്നതിലെ പോരായ്മകൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ട്.

(ഡി) ഉണ്ട്. കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്ന കുടിവെള്ളം ശുദ്ധീകരണശാലകളിൽ ശുദ്ധീകരിച്ചും ഇൻഫിൽട്രേഷൻ ഗ്യാലറികളിൽ നിന്നും ലഭ്യമാക്കുന്ന വെള്ളം ബ്ലീച്ചിംഗ് പൗഡർ, ക്ലോറിൻ മുതലായവ ഉപയോഗിച്ച് അണുവിമുക്തമാക്കിയിട്ടുമാണ് വിതരണം ചെയ്യുന്നത്. ഇവ വിവിധ ശുദ്ധീകരണശാലകളിലെ ഗുണനിലവാര പരിശോധനാ ലാബുകളിൽ പരിശോധിച്ച് Central Public Health & Environmental Engineering Organisation (CPHEEO)അനുശാസിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തിയശേഷമാണ് വിതരണം ചെയ്യുന്നത്. ഇതിനുപുറമേ കേരള വാട്ടർ അതോറിറ്റിയുടെ ഗുണനിലവാര പരിശോധനാ ലാബുകളിൽ ഉദ്യോഗസ്ഥർ കാലാകാലങ്ങളിൽ ഗുണനിലവാര പരിശോധന നടത്താറുമുണ്ട്.

അവിവാഹിതരായ ആദിവാസി അമ്മമാർ

16 (*46) ശ്രീ. മാത്യു റ്റി.തോമസ്:
ശ്രീമതി ജമീലാ പ്രകാശം:
ശ്രീ. സി. കെ. നാണു:
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അവിവാഹിതരായ ആദിവാസി അമ്മമാരെ സംബന്ധിച്ച കണക്ക് സർക്കാരിന്റെ പക്കലുണ്ടോ;

(ബി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) അവിവാഹിതരായ ആദിവാസി അമ്മമാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ജയലക്ഷ്മി):

(എ) ഉണ്ട്.

(ബി) സംസ്ഥാനത്ത് 1051 അവിവാഹിതരായ ആദിവാസി അമ്മമാരാണുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(സി) സർക്കാരിന്റെ 100 ദിന കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ അവിവാഹിതരായ പട്ടികവർഗ്ഗ അമ്മമാരെ പുനരധിവസിപ്പിക്കുന്നതിനായി 2011-12 വർഷം പുതിയ പദ്ധതി ആവിഷ്കരിച്ചിരുന്നു. ഇവരുടെ ഭൗതിക ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായുള്ള പാക്കേജിൽ ഭവന നിർമ്മാണം, വീട് റിപ്പയർ, ജീവനോപാധി പദ്ധതികളായ കറവപ്പശു വളർത്തൽ, ആട് വളർത്തൽ, കോഴി വളർത്തൽ, കുട്ട-വട്ടി നിർമ്മാണം, തയ്യൽ പരിശീലനം, തയ്യൽ മെഷീൻ വിതരണം, പെട്ടിക്കട നടത്തുന്നതിന് ധനസഹായം എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. പദ്ധതിയിൽപ്പെട്ട ഭവന നിർമ്മാണത്തിന്റെ തുടർ പ്രവർത്തനങ്ങൾക്ക് 2015-16 വർഷവും തുക അനുവദിക്കുകയും നിർമ്മാണം തുടർന്ന് വരികയുമാണ്. പുനരധിവാസ പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*. ഇവയ്ക്കുപുറമെ പട്ടികവർഗ്ഗത്തിൽപ്പെട്ട അവിവാഹിതരായ അമ്മമാർക്ക് സ്നേഹസ്പർശം എന്ന പേരിൽ പെൻഷൻ പദ്ധതി സാമൂഹ്യനീതി വകുപ്പിലെ സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതി പ്രകാരം അവിവാഹിതരായ അമ്മമാർക്ക് 1000 രൂപ പ്രതിമാസം പെൻഷൻ നൽകി വരുന്നുണ്ട്. കൂടാതെ പട്ടികവർഗ്ഗ വികസന വകുപ്പ് 2015-16-ൽ നടപ്പിലാക്കിയിട്ടുള്ള സ്വയംതൊഴിൽ പദ്ധതിയിൽ അവിവാഹിതരായ അമ്മമാർക്ക് മുൻഗണന നൽകി വരുന്നുണ്ട്.

വ്യവസായത്തകർച്ച

17 (*47) ശ്രീ. ബി.ഡി. ദേവസ്സി :
ശ്രീ. രാജു എബ്രഹാം :
ശ്രീ. കെ. കെ. നാരായണൻ :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ നയവും നിലപാടുകളും സംസ്ഥാനത്ത് പൊതുവെയും വ്യവസായ നഗരമായ എറണാകുളത്ത് പ്രത്യേകിച്ചും വ്യവസായങ്ങളെ തകർച്ചയിലെത്തിച്ചുവെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(ബി) വൻ പുരോഗതിയിലെത്തിക്കാവുന്ന വൻകിട വ്യവസായ സ്ഥാപനങ്ങളടക്കം കെടുകാര്യസ്ഥതയും നയവൈകല്യങ്ങളും കാരണമാണ് തകർച്ച നേരിടുന്നതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കുമോ;

(സി) വ്യവസായങ്ങളുടെ തകർച്ച സ്വകാര്യ മേഖലയിലടക്കം ജോലി ചെയ്യുന്ന തൊഴിലാളികളെ പട്ടിണിയിലേക്ക് തള്ളിവിടുകയാണെന്ന് ട്രേഡ് യൂണിയനുകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly